ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: സാധാരണ എല്ലാ കാലത്തും നിലനിൽക്കുന്ന ഒരു വസ്തു ആണെങ്കിൽ ഈ പറഞ്ഞതു ശരിയാണു്. ഇതു് ഫാറക്കറച്ചിൽ ഉണ്ടാകുന്ന സാധനമായതുകൊണ്ടു് സൂക്ഷിച്ചു കൈകാര്യം ചെയ്യുന്നതിനുവേണ്ടിയാണു് നിയന്ത്രണം വച്ചതു്.

കാർഷിക വായ്പ

*307 (1056) ശ്രീ. ജി. ഗോപിനാഥൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ജലസേചനവും സഹകരണവുംമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ കഴിഞ്ഞ സഹകരണവർഷത്തിൽ കാർഷിക വായ്പകളിലായി എത്ര തുക സഹകരണബാങ്കുകൾ വഴി കൊടുത്തിട്ടുണ്ടു്;

(ബി) അതു മുൻകൊല്ലത്തെ അപേക്ഷിച്ചു് എത്ര കൂടുതലാണു്;

(സി) കാർഷിക വായ്പകൾ കൊടുക്കുന്നതിനുള്ള വ്യവസ്ഥകൾ കുറച്ചുകൂടി ലഘുകരിക്കുന്നതിനു് ശ്രദ്ധിക്കുമോ ?

ജലസേചനവും സഹകരണവും മന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പു്):

(എ) 13·15 കോടി രൂപ

(ബി) 1·84 കോടി രൂപ കൂടുതൽ

(സി) കാർഷിക വായ്പ യഥാസമയം കിട്ടുന്നതിനു് ക്രെഡിറ്റു കാർഡു സംപ്രദായം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണു്.

ശ്രീ. ജി. ഗോപിനാഥൻ പിള്ള: റിസർവ്വു് ബാങ്കിൽനിന്നും കാർഷിക വായ്പക്കായി കൊടുക്കുന്ന തുക സ്റ്റേറ്റു് ഗവണ്മെൻറു് ജില്ലാ ബാങ്കുകളിലേക്കും പ്രാഥമിക സഹകരണസംഘങ്ങളിലേക്കും വിതരണം ചെയ്യുന്നതുകൊണ്ടു് ഏകദേശം അഞ്ചു ശതമാനം പലിശ കൂട്ടുന്നതുകൊണ്ടു് ഇടത്തട്ടിലുള്ള സ്ഥാപനങ്ങളെ നിരോധിക്കുന്ന കാര്യത്തെക്കുറിച്ചു് ഗവണ്മെൻറു് പര്യാലോചിക്കുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: ഈ കാര്യത്തിൽ ബാങ്കുകളൊക്കെ എതിരാണു്. ഇതിനെപ്പറ്റി റിസർവ്വു ബാങ്കുമായി ചർച്ച ചെയ്യുകയുണ്ടായി. ഫലപ്രദമായ നടത്തിപ്പും ശരിയായ വിതരണവും നടക്കണമെങ്കിൽ ഈ തട്ടു് ആവശ്യമാണെന്നാണു് അവർ പറഞ്ഞിട്ടുള്ളതു്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞമാതിരി അതു വമ്പിച്ച മാർജിൻ റിസർവ്വുബാങ്കും സ്റ്റേറ്റു്ബാങ്കും എടുക്കുന്നില്ല. റിസർവ്വുബാങ്കു് ഒന്നേമുക്കാൽ ശതമാനവും സ്റ്റേറ്റു്ബാങ്കു് മുക്കാൽ ശതമാനവും മാത്രമാണു് എടുക്കുന്നതു്. അങ്ങനെ ആകെ രണ്ടരശതമാനമേ വരികയുള്ളൂ.

ശ്രീ. ജി. ഗോപിനാഥൻപിള്ള: പഴയ കോപ്പറേറ്റീവു് സൊസൈറ്റിസു് ആക്ടു് നിലവിലിരുന്ന കാലത്തു് തിരുവിതാംകൂർ ഭാഗത്തു് ഷെയർ എടുക്കുന്നതിന്റെ പത്തിരട്ടി വായ്പ കൊടുക്കുന്ന സംപ്രദായമുണ്ടായിരുന്നു. എന്നാൽ ഇന്നാണെങ്കിൽ ഷെയറിന്റെ രണ്ടിരട്ടിയായി കുറച്ചിരിക്കുകയാണു്. അതു പഴയ സ്ഥിതിയിലാക്കാൻ വേണ്ട ഏർപ്പാടു ചെയ്യുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: 1:8 എന്ന അനുപാതം നിർത്തിയിട്ടു് അഞ്ചിരട്ടി മാത്രമേ കൊടുക്കാവൂ എന്നും ക്രമമായി അതു ചുരുക്കിക്കൊണ്ടു വരണമെന്നും ഉള്ള നിർദ്ദേശമായിരുന്ന റിസർവ്വുബാങ്കിന്റെ മുന്നിൽനിന്നും ഉണ്ടായിരുന്നതു്. അതു നടപ്പിലാക്കാൻവേണ്ടി സഹകരണസംഘങ്ങളെല്ലാം ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. ആ സ്ഥിതിയിൽ സഹകരണസംഘങ്ങളുടെ വൈഷ്യമ്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടു് കേന്ദ്രഗവണ്മെൻറിന്റെയും റിസർവ്വു് ബാങ്കു് അധികൃതന്മാരുടെയും മുമ്പിൽ നിവേദനം നടത്തുകയും ഒന്നരണ്ടു തവണ ചർച്ച ചെയ്യുകയും ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ അടിസ്ഥാനത്തിൽ തൽക്കാലം ഇന്നത്തെ അനുപാതം കുറേക്കൂടി തുടർന്നു പോകാൻ അനുവാദം തന്നിട്ടുണ്ട്. അതെത്രത്തോളം മുന്നോട്ടു കൊണ്ടുപോകാൻ കഴിയുമെന്നുള്ളതു് സംശയഗ്രസ്തമാണു്.

ശ്രീ. പി. രവീന്ദ്രൻ: ദേശസാൽക്കരിക്കപ്പെട്ട ബാങ്കുകളും കുറേക്കൂടി അയവുള്ള വ്യവസ്ഥയനുസരിച്ചു് കൃഷിക്കാർക്കു് വായ്പ നൽകാൻ മുതിരുന്നതുകൊണ്ടു് സഹകരണബാങ്കുകളുടെയും റ്റളർകൂടി അതനുസരിച്ചു് ലഘൂകരിക്കേണ്ടതു് ആവശ്യമാണെന്ന ഗവണ്മെന്റിനു ബോധ്യമായിട്ടുണ്ടോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: അക്കാര്യം ഈയിടെ ചർച്ച ചെയ്യുകയുണ്ടായി. ദേശസാൽക്കരിക്കപ്പെട്ട ബാങ്കുകളും സഹകരണബാങ്കുകളും തമ്മിൽ ലോൺവിതരണക്കാര്യത്തിലുണ്ടാകുന്ന വ്യത്യാസം എന്തെന്നു പരിശോധിക്കുവാനും അങ്ങനെ പരിശോധിച്ചു് സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യുന്ന ലോൺ വ്യവസ്ഥയിൽ ഭേദഗതി വരുത്തുവാനും ഗവണ്മെന്റു് ആലോചിച്ചുവരികയാണു്.

ശ്രീ. പി. രവീന്ദ്രൻ: ദേശസാൽക്കരിക്കപ്പെട്ട ബാങ്കുകളും സഹകരണസംഘങ്ങളുടെ പരിധിയിൽക്കൂടി കൃഷിക്കാർക്കു് വായ്പ കൊടുക്കാൻ ഉദ്ദേശിക്കുന്നതുമൂലം സഹകരണസംഘങ്ങൾ മുഖാന്തിരമുള്ള വായ്പാവിതരണം കുറഞ്ഞുപോകാനായിടയുണ്ടെന്നുള്ളതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനെസംബന്ധിച്ചു് എന്തെങ്കിലും നിവേദനം ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: നിവേദനം കിട്ടിയിട്ടുണ്ടു്. ബാങ്കുകൾ ഷോർട്ടേം ലോണുകൾ കൊടുക്കുന്ന കാര്യങ്ങളിൽ നിബന്ധനകൾ ഉണ്ടാക്കണമെന്നും സഹകരണസംഘങ്ങളുടെ പരിധിയിൽക്കൂടി വരുന്നതു് വിഷമമാണെന്നും ഇൻഡ്യാഗവണ്മെന്റിനെയും റിസർവ്വ് ബാങ്കിനെയും ഗവണ്മെന്റു് അറിയിച്ചിരുന്നു.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: ഈ സഹകരണസംഘങ്ങളിൽക്കൂടി ഇന്നു കിട്ടുന്ന കടത്തിന്റെ പലിശ ചുരുക്കാൻ ത്രീ ടയർ സംപ്രദായം മാറ്റി ടൂ ടയർ ആക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: അതിനെസംബന്ധിച്ചാണു് ഞാൻ ആദ്യംതന്നെ പറഞ്ഞിട്ടുള്ളതു്. അതിനു റിസർവ്വ്ബാങ്കു് എതിരാണു്. മൊത്തത്തിൽ സഹകരണസംഘങ്ങളെല്ലാം പറയാറുള്ളതു് മൂന്നു ടയറും ഇല്ലാതിരുന്നാൽ ഫലപ്രദമല്ലെന്നാണു്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: കഴിഞ്ഞവർഷത്തെ വെള്ളപ്പൊക്കദുരിതങ്ങളെ അടിസ്ഥാനമാക്കി സഹകരണസംഘങ്ങൾ മുഖേന കൃഷിക്കാർക്കു കൊടുത്തിട്ടുള്ള ഹ്രസ്വകാലവായ്പയുടെ കാലാവധി നീട്ടിക്കൊടുക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എത്രയാണു് കാലാവധി; ആ കാലാവധി അവസാനിച്ചോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: വെള്ളപ്പൊക്കത്തെ ലക്ഷ്യമാക്കി പ്രത്യേകമായ വായ്പ സഹകരണസംഘങ്ങൾ വഴി കൊടുത്തിട്ടുണ്ടോ എന്നറിയുകയില്ല. സെൻട്രൽ ബാങ്കു് മുഖേന വിതരണം ചെയ്ത സംഖ്യകൾതന്നെ വെള്ളപ്പൊക്കം കൊണ്ടു് തിരിച്ചടയ്ക്കാൻ വിഷമമുണ്ടായിരുന്നതുകൊണ്ടു് അതിനെപ്പറ്റി പരിശോധിച്ചു് അയവു വരുത്തണമെന്ന നിർദ്ദേശം ഡിപ്പാർട്ടുമെന്റു കൊടുത്തിട്ടുണ്ടു്. അതെത്രത്തോളം പ്രായോഗികമായി എന്നറിയുകയില്ല.

ശ്രീ. എം. കൃഷ്ണൻ: ഇന്നു സഹകരണസംഘങ്ങളിൽനിന്നും മീഡിയം ടേം ലോൺ വളരെ കുറച്ചുമാത്രമേ നൽകുന്നുള്ളൂ. അതു വർദ്ധിപ്പിക്കുവാൻ നടപടിയെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: മീഡിയം ടേം ലോൺ ലാൻഡ് മോർട്ട്ഗേജ് ബാങ്ക് മുഖേന കൊടുക്കുന്നുണ്ട്. അതിനുപുറമേ കൂടുതൽ കൊടുക്കാനുള്ള സൗകര്യം ഇന്നത്തെ ഫണ്ടുകൊണ്ട് കാണുന്നില്ല. റിസർവ്വ് ബാങ്ക് അതനുസരിച്ചുള്ള തുക തരുന്നുമില്ല.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: കോപ്പറേറ്റീവ് റൂറൽ ബാങ്ക് മുഖേന സാധാരണ രീതിയിൽ കാർഷിക വായ്പകൾ കൊടുത്തുവന്നിരുന്നതു് കുറേകൂടി കർശനമായ നിബന്ധനകൾക്കു വിധേയമാക്കിയതിന്റെ ഫലമായി ഇന്നു ഗ്രാമപ്രദേശങ്ങളിലെ കർഷകർക്ക് കടം കിട്ടാൻ വിഷമമുള്ള ഒരവസ്ഥയുണ്ട്. പ്രത്യേകിച്ചും ഭൂപണയത്തിന്മേൽ കടം കൊടുക്കുന്നതു് ലാൻഡ് ഇംപ്രൂവ്മെന്റിനു മാത്രമേ പാടുള്ളു എന്നുള്ള നിബന്ധന വന്നിട്ടുള്ളതുകൊണ്ട് ഗ്രാമപ്രദേശങ്ങളിലെ കൃഷിക്കാർക്ക് കടം കിട്ടാത്ത സ്ഥിതിവിശേഷമുണ്ട്. അതു മാറ്റി സാധാരണ ആവശ്യങ്ങൾക്കും ലാൻഡിന്റെ മേൽ കടം കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഭൂമി കൂടുതൽ അഭിവൃത്തിപ്പെടുത്തുന്ന കാര്യത്തിനല്ലാതെ ഭൂമിയുടെ പണയത്തിന്മേൽ പണം കടം കൊടുക്കുന്നതു് റിസർവ്വ് ബാങ്കും എല്ലാ സാമ്പത്തികപ്രസ്ഥാനങ്ങളും എതിരാണു്. ഭൂമി ഡവലപ്പു ചെയ്യാൻ മാത്രമേ കടം കൊടുക്കാവൂ എന്നാണു നിശ്ചയം. ഇതല്ലാതെ മറ്റു കാര്യങ്ങൾക്കു കൊടുക്കുന്നതിനു് സഹകരണസംഘങ്ങളുടെ സ്വന്തം ഫണ്ടു് കൊണ്ടാകാമെന്നു വച്ചിട്ടുണ്ടു്. ഭൂമി അഭിവൃദ്ധിപ്പെടുത്താൻ മാത്രമേ കാർഷിക കടം കൊടുക്കുകയുള്ളു എന്നുള്ളതു് പുതിയ നിബന്ധനയൊന്നുമല്ല. മുൻപേ ഉള്ളതാണു്. അതിനു മാറ്റവും വന്നിട്ടില്ല.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: ഉൽപ്പന്നങ്ങളുടെ മേൽ കടം കൊടുക്കുന്നുണ്ടു്, സ്വർണ്ണപണ്ടങ്ങളുടെ മേൽ കടം കൊടുക്കുന്നുണ്ടു്. എന്നാൽ ഇതു രണ്ടുമില്ലാത്ത, ഭൂമിമാത്രം അവശേഷിച്ചിട്ടുള്ള കർഷകർക്കു് ഭൂമിയുടെ പണയത്തിന്മേൽ അത്യാവശ്യമായ ചികിത്സപോലെയുള്ള ആവശ്യങ്ങൾക്കു പോലും കടം കിട്ടാതിരിക്കുന്നുണ്ടു്. ആ നിലയിൽ മറ്റു അത്യാവശ്യങ്ങൾക്കും ഭൂമി പണയം വച്ചിട്ടു് കടം കിട്ടാനുള്ള വ്യവസ്ഥ ഗ്രാമപ്രദേശങ്ങളിൽ ഇല്ലാത്തതുകൊണ്ടു് കൃഷിക്കാരന്റെ ഒരാവശ്യമെന്നുള്ള നിലയിൽ ഇതംഗീകരിക്കുന്നതിനു നടപടികളെടുക്കുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഇതു ഗവണ്മെന്റിനു് അംഗീകരിക്കാവുന്ന ഒരു വ്യവസ്ഥയല്ല. സഹകരണസംഘങ്ങൾ കൂടുതൽ ഓഹരി പിരിക്കുക; സ്വന്തമായി കൂടുതൽ ഫണ്ടുണ്ടാക്കുക, ആ സംഖ്യ മുഴുവൻ സാധാരണക്കാരായ കൃഷിക്കാരുടെ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുക. അതാണു് അതിനുള്ള മാർഗ്ഗം. അല്ലാതെ ഗവണ്മെന്റിനു് അംഗീകരിക്കാൻ നിവൃത്തിയില്ല. കാരണം റിസർവ്വ് ബാങ്കു് ഈ ആവശ്യത്തിനു മാത്രമേ കൊടുക്കാവൂ എന്ന നിബന്ധന വച്ചിട്ടുണ്ടു്. അതിനും പുറമേ ഒരു ചുരുങ്ങിയ തുക കാർഷികേതരാവശ്യങ്ങൾക്കു് നീക്കിവയ്ക്കാനുള്ള നിർദ്ദേശവും ഉണ്ടു്. അതു് സഹകരണസംഘങ്ങളുടെ പ്രത്യേക ഫണ്ടിൽ നിന്നായിരിക്കണം.

ശ്രീ. സി. എം. കുട്ടി: വായ്പ കൊടുത്താൽ അതു തിരിച്ചടയ്ക്കാൻ ബാങ്കിയുള്ള ആളുകളുടെ പേരിൽ റവന്യൂ റിക്കവറി ആക്ടനുസരിച്ചു് നടപടിയെടുക്കുമ്പോഴും കാർഷികോപകരണങ്ങൾ അറ്റാച്ചു ചെയ്യാതിരിക്കുവാൻ നടപടിയെടുക്കുമോ ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: കാർഷികോപകരണങ്ങൾ ആണു് മോർട്ട്ഗേജ് ചെയ്തിട്ടുള്ളതു്. അപ്പോഴാണു് അതിന്മേൽ മാത്രമേ നടപടിയെടുക്കാൻ കഴിയൂ. അതല്ലാതെ മറ്റു നടപടികളെടുത്താൽ നിയമപ്രകാരം ചോദ്യമുണ്ടാകാം. അതു കൊണ്ടാണു ആദ്യനടപടിയായിട്ടു് കാർഷികോപകരണങ്ങൾ തന്നെ ജപ്തി ചെയ്യുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ഗണപതി: സർ, കേരളാ ലാൻഡ് അസൈൻമെന്റ് റൂൾസ് പ്രകാരം ഹരിജനങ്ങളുക്കു പ്രിയാക പട്ടയം വഴങ്ങുവതാൽ, ലോൺ പാങ്കി വിരുന്തു കൊടുത്താൽ ഷെ റൂൾസ് പ്രകാരം സെക്യൂരിറ്റി എടുക്കവോ, ലോൺ തിരുപ്പി അടൈക്കപ്പടാമൽപോനാൽ പാങ്കുക്കു സട്ടപ്പടി ഭൂമിയെ എടുക്ക മുടിയാതതാൽ ഹരിജനങ്കൾ യാരുക്കും ഇന്ത ലോൺ കിടൈക്കപ്പടുവതില്ലൈ. ഇതു പാരാപട്ചം (ഡിസ്ക്രിമിനേഷൻ) ആകവേ ഹരിജനങ്കളുക്കും ലോൺ കിടൈക്കുംപടി ഏർപ്പാടു ചെയ്യപ്പടുമാ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: വസ്തുവിന്റെ രേഖയെ സംബന്ധിക്കുന്ന പ്രശ്നമാണിതു്, ഇതിനെ സംബന്ധിച്ചു് ഈയിടെ റവന്യൂമന്ത്രി ഉത്തരം പറഞ്ഞിട്ടുണ്ടു്. അതു പരിശോധിക്കാം.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: കൃഷിക്കാക്കു് കൊടുക്കുന്ന വായ്പയുടെ പലിശ രണ്ടു ശതമാനമെങ്കിലും കുറയ്ക്കാൻവേണ്ടി അതിനാവശ്യമായ തുക സബ്സിഡിയായി നൽകാൻ ഗവണ്മെന്റു് തയ്യാറാകുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഗവണ്മെൻറിനു് അതിനുള്ള സാദ്ധ്യതയുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: റിസർവ്വ് ബാങ്കിൽനിന്നും 5 ശതമാനം പലിശയ്ക്കു കിട്ടുന്ന കടം കൃഷിക്കാക്കു് ലഭിക്കുമ്പോൾ എട്ടും ഒൻപതും ശതമാനംവരെ എത്തുന്നു എന്നാണു് പറയുന്നതു്. അങ്ങനെയാണെങ്കിൽ വർദ്ധിച്ച പലിശത്തോതു കുറച്ചുകൊണ്ടു് കുറേക്കൂടി കുറഞ്ഞ റേറ്റിൽ റിസർവ്വ്ബാങ്കിൽനിന്നും പണം ലഭിക്കാൻവേണ്ട നടപടികളെടുക്കുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: റിസർവ്വ് ബാങ്കിൽനിന്നും മൂന്നേകാൽ ശതമാനത്തിനാണു് തരുന്നതു്. അഞ്ചു ശതമാനത്തിനല്ല.

ശ്രീ. എ. എസ്. എൻ. നമ്പീശൻ: സ്റ്റേറ്റു് അപ്പക്സ് ബാങ്കിൽനിന്നും കർഷകക്കു് കൊടുക്കാനുള്ള സംഖ്യയിൽ ഇന്നു് ഓവർഡ്യൂ ആയിട്ടുള്ള കടം എത്രശതമാനം വരുമെന്നു പറയാമോ?

ശ്രീ പി. രാമുണ്ണിക്കുറുപ്പ്: നമ്മുടെ സംസ്ഥാനത്തിലാകമാനം കണക്കെടുത്തു നോക്കിയപ്പോൾ 27 ശതമാനം ഓവർഡ്യൂആണുള്ളതെന്നു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടു്. വ്യക്തമായ കണക്കു് ഇപ്പോൾ ഇല്ല.

ശ്രീ. ബി. മാധവൻനായർ: ക്രെഡിറ്റ് കാർഡ് സമ്പ്രദായം ഏർപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരുന്നു എന്നു ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതു് എന്നേയ്ക്കു പൂർത്തിയാകുമെന്നും ആ സമ്പ്രദായം ഏർപ്പെടുത്തുന്നതുമൂലം വായ്പയെടുക്കുന്ന കൃഷിക്കാക്കു് ഉണ്ടാകാനുള്ള പ്രയോജനങ്ങളും എന്താണെന്നും വ്യക്തമാക്കുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഇന്നുള്ള നിബന്ധന, കാഷികേ കടത്തിനു് ആവശ്യമുള്ളപ്പോൾ ക്രെഡിറ്റ് ലിമിറ്റു് സ്റ്റേറ്റുമെന്റു് അതാതു പ്രൈമറി സൊസൈറ്റി കളും തയ്യാറാക്കി സെൻട്രൽ ബാങ്കിനെ അറിയിക്കുകയും സെൻട്രൽ ബാങ്കു് അതു അർഹതപ്പെട്ടതാണോ പരിഗണിക്കാവുന്നതാണോ എന്നു നോക്കിയിട്ടു് നടപടിയെടുക്കുകയും ചെയ്യുന്നതാണു്. എന്നാൽ ക്രെഡിറ്റ്കാർഡ് ഉണ്ടാക്കി അർഹതപ്പെട്ടതിന്റെ പരിധി എത്രത്തോളം ഉണ്ടെന്നു കണക്കാക്കിയാൽ കുറേക്കൂടി കാലതാമസം ഒഴിവാക്കാൻ കഴിയുമെന്നുള്ളതാണു് ഒരു ഗുണമായി കാണുന്നതു്. പക്ഷേ ഇതു പ്രിപ്പയർ ചെയ്യാൻ കുറെ വൈഷമ്യമുണ്ടു്. ഈ സമ്പ്രദായം മുഴുവൻ പ്രദേശങ്ങളിലും നടപ്പിലാക്കാൻ കഴിയുകയില്ലെന്നും മാതൃകാപരമായി പരിശോധനാർത്ഥം ചില പ്രദേശങ്ങളിലെ സഹകരണസംഘങ്ങളിൽ നടപ്പിലാക്കിക്കൊണ്ടു് പരിശോധിക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നുള്ളതുമാണു് ഗവണ്മെൻറിന്റെ ഇന്നത്തെ അഭിപ്രായം. അതനുസരിച്ചു് പരിശോധിച്ചുകൊണ്ടിരിക്കുകയാണു്. ഫലപ്രദമാണെന്നു കാണുന്നപക്ഷം യഥാർത്ഥ കർഷകനു് കാലവിളംബം ഒഴിവായിക്കിട്ടുമെന്നാണു് കാണുന്നതു്.

ശ്രീ. കെ. എ. ശിവരാമഭാരതി: വിള ഉണക്കിനെത്തുടർന്നു് ചില സഹകരണ സംഘങ്ങളിൽ പ്രത്യേകിച്ചു് ചിറ്റൂർ താലൂക്കിലെ ചില സഹകരണ സംഘങ്ങളിൽ 31-10-1969 വരെ അവിടത്തെ കാർഷിക വായ്പ നീട്ടിക്കൊടുത്തിട്ടുണ്ടു്. ആ വായ്പയും ഇപ്പോഴും കൊടുത്തിട്ടുള്ള സംഖ്യയും ഒരുമിച്ചു് അടയ്ക്കണമെന്നുള്ളതു വളരെ ബുദ്ധിമുട്ടുള്ള കാര്യമാണെന്നും അതു കൃഷിക്കാർക്കു് താങ്ങാൻ കഴിയാത്തതാണെന്നും അതുകൊണ്ടു് ഗഡുക്കളായിട്ടു് അടയ്ക്കാൻവേണ്ടി ഗവണ്മെൻറിനു് കൊടുത്തിട്ടുള്ള മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ വേണ്ട നടപടികളും സ്വീകരിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: അതിനുവേണ്ട നടപടി സ്വീകരിക്കുകയെന്നു പറഞ്ഞാൽ അവിടെയുള്ള കൃഷിക്കാർ കൂടുതൽ കുഴപ്പത്തിലാകുക എന്നതാണു്. സംഖ്യകളും തിരിച്ചടക്കുന്നതു് ഗഡുക്കളായി അനുവദിച്ചാൽ ഓവർഡ്യൂ വർദ്ധിക്കും. അതു കൂടുതലാകുമ്പോൾ പിന്നെ കടം കൊടുക്കുന്നതിനു് സെൻട്രൽ ബാങ്കിനു് നിവൃത്തിയില്ലാതെവരും. അങ്ങനെയാകുമ്പോഴും സെൻട്രൽബാങ്കു് ഓവർഡ്യൂ ആകും. സെൻട്രൽ ബാങ്കും സാമ്പത്തികമായ പരാധീനതയിലാകും. അങ്ങനെ വരുമ്പോൾ കർഷകനായിരിക്കും വിഷമം. അതുകൊണ്ടു് കർഷകന്റെ രക്ഷയ്ക്കുവേണ്ടിയെങ്കിലും വളരെവേഗം കടം കൊടുത്തു തീർക്കാൻ ശ്രമിക്കുന്നതു് നല്ലതാണു്. എക്സംപ്ഷൻ കൊടുക്കാനുള്ള അധികാരം റിസർവ്വ്ബാങ്കിനു മാത്രമേയുള്ളൂ. റിസർവ്വ്ബാങ്കു് ഇന്നും ഇക്കാര്യത്തിൽ വളരെ കർശനമായ ഒരു നിലപാടാണു് സ്വീകരിച്ചിരിക്കുന്നതു്. അതു മാറ്റാൻ സാധിച്ചിട്ടില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി: ചിറ്റൂർ താലൂക്കിലെ സഹകരണസംഘങ്ങളെ സംബന്ധിച്ചിടത്തോളമാണെങ്കിൽ അവിടത്തെ കൃഷിക്കാർക്കു് ആറു് ഏഴു് വർഷമായിട്ടു് വിളയുണക്കു കാരണം ഒന്നുംതന്നെ കിട്ടാതിരിക്കുന്ന പരിതഃസ്ഥിതിയിൽ കൂടുതൽ ആനുകൂല്യങ്ങളും ചെയ്തുകൊടുക്കേണ്ടതാണു്. എന്നാൽ അവർക്കു് മറ്റൊന്നും ചെയ്തുകൊടുത്തില്ലെങ്കിലും കടം തിരിച്ചടയ്ക്കുന്ന കാര്യത്തിലെങ്കിലും എന്തെങ്കിലും ചെയ്തുകൊടുക്കണമെന്നാണു് ആവശ്യപ്പെട്ടിരിക്കുന്നതു്. അതിനു് എതിരായ ഒരു മനോഭാവം ഗവണ്മെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതു ശരിയാണോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പു്: ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിലുള്ള ഗവണ്മെൻറു് എന്ന വാക്കു് മാറ്റിവച്ചു് റിസർവ്വ്ബാങ്കു് എന്നു പറഞ്ഞാൽ അതു ശരിയായിരിക്കും. കർഷകരെ സഹായിക്കുന്നതിൽ ഗവണ്മെൻറിനു് എന്തു ചെയ്യാൻ കഴിയുമെന്നുള്ളതിനെപ്പറ്റി ആലോചിക്കുകയും റിസർവ്വ്ബാങ്കുമായി ഈ കാര്യത്തെപ്പറ്റി ആലോചിക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ റിസർവ്വ്ബാങ്കു് കൊടുക്കുന്ന പണത്തിന്റെ കാര്യത്തിൽ ഗവണ്മെൻറിനു് ബാങ്കിന്റെ മുകളിൽ സമ്മർദ്ദം ചെലുത്താനോ അവധി നീട്ടിക്കൊടുക്കാൻ ആവശ്യപ്പെടാനോ നിവൃത്തിയില്ലെന്നകാര്യം ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അറിയാം. റിസർവ്വ്ബാങ്കു് കൊടുക്കുന്നതു് ക്രഡിറ്റു് ലോണാണു്. അതിനു് അവരുടെ നിബന്ധനകളും പാലിക്കേണ്ടതായിട്ടുണ്ടു്. നിബന്ധനകളും പാലിക്കാതിരുന്നാൽ ലോൺ കിട്ടാതെവരുകയും അപ്പോൾ ബഹുമാനപ്പെട്ട മെമ്പർതന്നെ കടം കിട്ടാതെ വരുന്നുണ്ടെന്നു പറയുകയും ചെയ്യും. അതുകൊണ്ടു് മറ്റു് എന്തെങ്കിലും മാർഗ്ഗമുണ്ടോ എന്നുള്ളതിനെപ്പറ്റി ആലോചിച്ചുനോക്കാം.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: സഹകരണ സംഘങ്ങൾവഴി എം. ടി. ലോൺ ആവശ്യത്തിനനുസരിച്ചു് കൊടുക്കുന്നതിനു് വേണ്ടത്ര ഫണ്ടു് റിസർവ്വ്ബാങ്കു്

LIBRARY ARCHIVES Kerala Legislative Assembly

ആലോചിച്ചതിനുശേഷം വേണ്ടിവന്നാൽ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായവും കണക്കിലെടുക്കുന്നതാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: കൃഷിക്കാർ കൃഷിയാവശ്യത്തിനു് എടുത്ത സംഖ്യ തിരിച്ചടയ്ക്കാതെ ഓവർഡ്യൂ ആകുന്ന ഘട്ടത്തിൽ ഓവർഡ്യൂ ഉള്ള സംഘങ്ങൾക്കു് വീണ്ടും ലോൺ കൊടുത്തെന്നു് റിക്കാർഡിൽ കാണിക്കുകയും എന്നാൽ വെറും ബുക്കു് അഡ്ജസ്റ്റുമെന്റുമാത്രം നടത്തുകയും ചെയ്യുന്നുണ്ടു്. അതുകാരണം കൃഷിക്കാർക്കു് വളരെയധികം പ്രയാസങ്ങൾ നേരിട്ടുണ്ടെന്നു കാണിച്ചു് കോഴിക്കോടു് ഡെപ്യൂട്ടി രജിസ്ട്രാരുടെ അധികാരപരിധിയിൽപ്പെട്ട സഹകരണസംഘങ്ങളിൽ നിന്നും വല്ല പരാതിയും കിട്ടിയിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: പരാതി കിട്ടിയിട്ടുണ്ടോയെന്നു് അന്വേഷിച്ചു പറയാൻ പറ്റുകയുള്ളു. എന്നാൽ അങ്ങനെ പല സ്ഥലങ്ങളിലും നടക്കുന്നതായിട്ടു് അറിയാം, കൃഷിക്കാരൻ പണം കൊടുക്കാതിരിക്കുമ്പോൾ പ്രൈമറി സംഘങ്ങൾ അങ്ങനെ ചെയ്യുന്നുണ്ടു്. പ്രൈമറി സംഘങ്ങൾ അതു ചെയ്യുന്നതുകൊണ്ടാണു് സെൻട്രൽ ബാങ്കുകൾക്കു് അതുചെയ്യേണ്ടിവരുന്നതു്. ഇതു് മാറണമെങ്കിൽ ഓവർഡ്യൂ വരുന്ന സംഘങ്ങൾക്കും മെമ്പന്മാർക്കും കടം കൊടുക്കുന്ന കാര്യത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതായി വരും. ആ നിയന്ത്രണം വിഷമകരമായിരിക്കുമെന്നുള്ളതുകൊണ്ടു് പരിശോധിക്കേണ്ടതായിട്ടു് ഇരിക്കുകയാണു്. കോഴിക്കോട്ടുള്ള സംഘങ്ങളെ സംബന്ധിച്ചിടത്തോളം വേണ്ട അന്വേഷണങ്ങൾ നടത്താം.

ശ്രീ. എസ്. ദാമോദരൻ: കൃഷിക്കാർക്കു് വായ്പകൊടുക്കുന്ന കാര്യത്തിൽ സഹകരണവകുപ്പു് ഒരു യാഥാസ്ഥിതിക മനോഭാവം കാണിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: കൃഷിക്കാർക്കു് വായ്പകൊടുക്കുന്ന കാര്യത്തിലും സഹകരണ വകുപ്പിനു് യാതൊരു ബാദ്ധ്യതയുമില്ല. അതുകൊണ്ടു് യാഥാസ്ഥിതിക മനോഭാവം അവിടെ ഇല്ല. പിന്നെ പരിശോധിക്കാം.

ശ്രീ. എ. വി. ആര്യൻ: സെൻട്രൽബാങ്കിൽനിന്നും സഹകരണസംഘങ്ങൾക്കു കൊടുക്കുന്ന വായ്പത്തുക ഏതെങ്കിലും ഒരു മെമ്പർ തിരിച്ചടയ്ക്കാതെവരുമ്പോൾ ആ സംഘത്തിനുതന്നെ പിന്നെ വായ്പകൊടുക്കാതിരിക്കുന്നുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഇതിനുമുമ്പു് 15 ശതമാനത്തിലധികം ഓവർഡ്യൂ അനുവദിക്കപ്പെട്ടിരുന്നില്ല. വളരെയധികം ഓവർഡ്യൂ വരുമ്പോൾ ചില മെമ്പറന്മാർ മാത്രമാണു് കടം മുടക്കിക്കൊടുക്കാതിരിക്കുന്നതെങ്കിലും മറ്റുള്ളവർക്കും കിട്ടാതെ

LIBRARY ARCHIVES Kerala Legislative Assembly

വരുന്നുണ്ട്. ഈ പ്രശ്നം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതനുസരിച്ച് സെൻട്രൽ ബാങ്കുമായി ചർച്ച നടത്തുകയും ഉദാരമായ ഒരു മനോഭാവം ഈ കാര്യത്തിൽ കാണിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : പലിശ കൃത്യമായി കൊടുക്കുന്ന കാലത്തോളം അവധി നീട്ടിക്കൊടുക്കാൻ യാതൊരു വിരോധവുമില്ലെന്ന് മന്ത്രി പറയുകയുണ്ടായി. അതുകൊണ്ട് കൂടുതൽ കുഴപ്പമല്ലേ ഉണ്ടാകുക?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : അങ്ങനെ ഞാൻ പറഞ്ഞില്ല. ഈ തരത്തിൽ ഒരു നിർദ്ദേശം ബഹുമാനപ്പെട്ട മെമ്പറുടെതായി വരുകയാണെങ്കിൽ പരിഗണിക്കാവുന്നതാണ്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : റിസർവ്വ് ബാങ്കിൽനിന്നും $3\frac{1}{2}$ ശതമാനം പലിശയ്ക്ക് പണം സ്റ്റേറ്റ് ബാങ്കിനു കൊടുക്കുന്നതെന്നും മന്ത്രി പറയുകയുണ്ടായി. സ്റ്റേറ്റ് ബാങ്ക് അതു താഴോട്ടു കൊടുത്തു കൊടുത്തു പ്രൈമറി സംഘത്തിലെത്തുമ്പോഴേക്കും അതിന്റെ പലിശ 9 ശതമാനംവരെ വരുന്നുണ്ട്. ഇതുകാരണം കൃഷിക്കാർ വളരെയധികം വിഷമിക്കുന്നുണ്ടെന്നുള്ളതിനെ പരിഗണിച്ച് ഈ ഇടത്തട്ടുകാരെ ഒഴിവാക്കിക്കൊണ്ട് റിസർവ്വ് ബാങ്ക് പ്രൈമറി സംഘങ്ങൾക്ക് നേരിട്ടു പണം കൊടുക്കാൻ ആവശ്യമായ നിവേദനം നടത്തുമോ?

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ഇതേ ചോദ്യം തന്നെ ഞങ്ങളും റിസർവ്വ് ബാങ്കിനോടു ചോദിച്ചു. അപ്പോൾ അവർ പറയുന്നതു പണം വിതരണം ചെയ്യുന്ന എല്ലാ സംഘങ്ങളെയും സൂപ്പർവൈസു ചെയ്യാൻ വിഷമമാണെന്നാണ്. അങ്ങനെയാണെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ് കൂടും. ഇപ്പോഴത്തെ നിലയിലാണെങ്കിൽ അതാതു തട്ടുകളിൽമാത്രം സൂപ്പർവിഷൻ നടത്തിയാൽ മതി. അതുകൊണ്ട് തട്ടുകൾ എടുത്തുകളയുന്നതിനോടു അവർക്കു അഭിപ്രായമില്ല.

വേറു നാടുകളിൽ ഇരുന്നു വരുവോർ

* 308. [1057] ശ്രീ. എൻ. കണപതി : *കീഴ് കാണും വിഞ്ക്കളുക്കു തൊഴിലാളർ മന്ത്രിരി അവർകൾ വിടൈ പകർവാർകളാക :*

(എ) ഇലങ്കൈ, പർമാ, സിങ്കപ്പൂർ മുതലിയ വേറിടങ്കളിൽ ഇരുന്തു നമതു മാനിലത്തിറ്കു വന്തു സേർന്തോർ തൊകൈ 1967, 1968, 1969 ആകിയ ആണ്ടുകളിൽ ഇത്തനൈ എന്റു കൂറ മുടിയുമാ ;

(ബി) അവർകളുക്കു ഇങ്കു എന്നെന്ന വചതികൾ ചെയ്തു കൊടുക്കപ്പട്ടന എന്റു കൂറലാമാ ;

(സി) അതർകാക എവ്വളവു തൊകൈ ചെലവഴിക്കപ്പട്ടതു എന്റുമ് കൂറലാമാ ?

Labour Minister (Shri Mathai Manjooran):

(a) The number of repatriates from Burma and Ceylon arrived in this State upto 31-7-1969 is as follows:

Burma: Families -- 168
Single member families — 3068

Ceylon: 218

Year war details of the arrival of the repatriates are not readily available.

LIBRARY ARCHIVES Kerala Legislative Assembly